റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) റവന്യൂ വകുപ്പിന്റെ അടിസ്ഥാനഘടകമായ വില്ലേജ് ഓഫീസുകൾ നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്ന മുറയ്ക്ക് ഫ്രണ്ട് ഓഫീസ് സംവിധാനം ശ്രപീകരിക്കുന്നത് സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ച ശ്രപാർശ പരിഗണിച്ചുവരുന്നു.

(ബി) വില്ലേജ് ആഫീസുകളിൽ എത്തുന്ന പൊതുജനങ്ങൾക്ക് സുഗമവും, കാര്യക്ഷമമായും വേഗത്തിലും സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

(സി & ഡി) അക്ഷയ കേന്ദ്രങ്ങൾ പോലുള്ള വിവിധ ഏജൻസികളിൽ കയറിയിറങ്ങാതെ തന്നെ വില്ലേജാഫീസ്, താലൂക്കാഫീസ് മുതലായ ആഫീസുകളിൽ നിന്നും ലഭ്യമാക്കേണ്ട സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനും ഇതുമൂലം സാധിക്കുന്നതാണ്.

**ഭക്ഷ്യസുരക്ഷാ നിയമം**

24 (*414) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുന്നത് സംബന്ധിച്ച കേന്ദ്ര നിർദ്ദേശം എന്തെന്ന് വിശദമാക്കാമോ ;

(ബി) നിയമം നടപ്പിൽ വരുമ്പോൾ സംസ്ഥാനത്തെ റേഷൻ ഗുണഭോക്താക്കളുടെ എണ്ണത്തിൽ നിലവിലുള്ളതിനേക്കാൾ എത്ര കുറവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) റേഷൻ സംവിധാനത്തിൽ നിന്നും പുറത്താകുന്ന ഗുണഭോക്താക്കളെ എങ്ങനെ സംരക്ഷിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; ഇക്കാര്യത്തിൽ കേന്ദ്ര നിലപാട് എന്താണ് ;

(ഡി) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാകുമ്പോൾ നിലവിലുള്ള ബി.പി.എൽ. കുടുംബങ്ങൾ പൂർണ്ണമായും ബി.പി.എൽ. ഗുണഭോക്താക്കളായിത്തന്നെ നിലനിൽക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി (ശ്രീ. അനൂപ് ജേക്കബ്):

(എ) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തുക, റേഷൻ സാധനങ്ങൾ റേഷൻ കടകളിൽ എത്തിച്ചു കൊടുക്കുക, മദ്ധ്യവർത്തി സംഭരണശാലകൾ സ്ഥാപിക്കുക, പദ്ധതിയുടെ ഒന്നാം ഘട്ടമായ ഡിജിറ്റലൈസേഷൻ, സപ്ലൈ ചെയിൻ മാനേജ്മെന്റ് സിസ്റ്റം, പരാതി പരിഹരിക്കുന്നതിനുള്ള സംവിധാനം എന്നിവ നടപ്പിലാക്കുക ഇവയൊക്കെയാണ് കേന്ദ്ര നിർദ്ദേശങ്ങൾ. പൊതുവിതരണരംഗം കമ്പ്യൂട്ടർവൽക്കരിക്കുന്ന നടപടികൾക്ക് കേരളം തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ നിലവിലെ ഒരു ഗുണഭോക്താവും റേഷനിംഗ് സമ്പ്രദായത്തിൽ നിന്ന് ഒഴിവാക്കപ്പെടില്ല. കേന്ദ്ര സർക്കാർ പ്രതിവർഷം നൽകുന്ന 14.25 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്ന 1.54 കോടി ജനങ്ങൾക്ക് ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്ന രീതിയിൽ നൽകുന്നതിന് 10.09 ലക്ഷം മെ.ടൺ മതിയാവുന്നതാണ്. ബാക്കി വരുന്ന 4.16 ലക്ഷം മെ.ടൺ പൊതുവിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് നൽകുവാൻ കഴിയുന്നതാണ്. കേരളം, കൂടുതൽ (16.25 ലക്ഷം മെ.ടൺ) ഭക്ഷ്യധാന്യം നൽകണമെന്നും, മുൻഗണനാ വിഭാഗത്തിന് ആളൊന്നിന് 7 കി.ഗ്രാം ആയി വർദ്ധിപ്പിക്കണമെന്നും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഭക്ഷ്യസുരക്ഷാ നിയമം നടപ്പിൽ വരുമ്പോൾ ഒരു ഗുണഭോക്താവ് പോലും റേഷൻ സംവിധാനത്തിൽ നിന്നും പുറത്താകുന്നില്ല. ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതോടെ നിലവിലെ ഉപഭോക്താക്കൾ മുൻഗണനാ വിഭാഗം, പൊതു വിഭാഗം എന്നിങ്ങനെ രണ്ടായി തരം തിരിക്കപ്പെടും. കേന്ദ്രത്തോട് കേരളം കൂടുതൽ ഭക്ഷ്യധാന്യം ആവശ്യപ്പെട്ടിട്ടുണ്ട് (16.25 ലക്ഷം മെ.ടൺ).

(ഡി) അർഹതയുള്ളവർ (ബി.പി.എൽ.) മുൻഗണനാ വിഭാഗമായി തുടരും.

**ആധുനിക സർവ്വേ സംവിധാനം ഉപയോഗിച്ചുള്ള സർവ്വേ**

25 (*415) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക സർവ്വേ സംവിധാനങ്ങൾ ഉപയോഗിച്ച് സർവ്വേ നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;



LIBRARY ARCHIVES Kerala Legislative Assembly